**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1754** **20-06-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം സർക്കാർ വനിതാ കോളേജിന്റെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം സർക്കാർ വനിതാ ആർട്സ് & സയൻസ് കോളേജിന് കിഫ്‌ബിയിൽ ഉൾപ്പെടുത്തി 13.85 കോടി രൂപ അനുവദിച്ച് ധനാനുമതി ലഭിച്ചെങ്കിലും കഴിഞ്ഞ രണ്ടു വർഷമായിട്ടും തുടർനടപടികളൊന്നും ഉണ്ടായിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) | **മലപ്പുറം സർക്കാർ വനിതാ കോളേജിന്റെ കിഫ്‌ബി പദ്ധതിയിൽ ഉൾപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ ടെൻഡർ നടപടികൾ പൂർത്തീകരിക്കുകയും കരാറുകാരനെ തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണ ഏജൻസിയുടെ സാങ്കേതിക കമ്മിറ്റിയുടെ അനുമതിയോടെ മാത്രമേ കരാറുകാരനു നിർമ്മാണ അനുമതി നൽകാൻ സാധിക്കുകയുള്ളൂ. 14.06.2024 ലെ സർക്കാർ ഉത്തരവ് പ്രകാരം പുതിയ സാങ്കേതിക കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സാങ്കേതിക കമ്മിറ്റിയുടെ യോഗം ചേർന്ന് അനുമതി ലഭ്യമായ ശേഷം കരാറുകാരന് നിർമ്മാണ അനുമതി നൽകുന്നതും നിർമ്മാണ പ്രവർത്തി ആരംഭിക്കുന്നതുമാണ്.** |
| (ബി) | പ്രസ്തുത പദ്ധതിയുടെ സാങ്കേതിക അനുമതിയ്ക്കുള്ള നടപടികളും ടെണ്ടർ നടപടികളും പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | സാങ്കേതിക തടസ്സങ്ങൾ എത്രയും വേഗം പരിഹരിച്ച് കിഫ്‌ബി ഫണ്ട് ഉപയോഗിച്ച് വനിതാ കോളേജിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ? | (സി) | മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ